**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2229** **20-01-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ മുൻഗണനാറേഷൻ കാർഡുകൾക്കുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോർജ് എം .തോമസ് | | Shri P. Thilothaman<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) | |
| (എ) | മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി കോഴിക്കോട് ജില്ലയിൽ നിലവിൽ ഇപ്പോൾ എത്ര അപേക്ഷകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി നിലവിൽ 15,674 അപേക്ഷകൾ ഉണ്ട്. |
| (ബി) | അപേക്ഷകളിൽ തീർപ്പ കൽപിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്നതിനാലാണ് മുൻഗണനാ കാർഡിനുള്ള അപേക്ഷ പരിഹരിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്. അപേക്ഷകളിൽ തീർപ്പ കൽപ്പിക്കുന്നതിന് അദാലത്തുകൾ നടത്തി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | അപേക്ഷകളിൽ തീർപ്പ കൽപിക്കുന്നതിന് അദാലത്ത് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | ക്ലോസ് (ബി) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ